# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 541 — 30.06.2016-ൽ മറുപടിയ്ക്ക്

## വൃക്ഷത്തൈ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) മുൻ ഗവൺമെന്റിന്റെ കാലത്ത് പൊതുജനങ്ങൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തത്; വിശദമാക്കുമോ ; | എ) പൊതുജനങ്ങൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനും, വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും, വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സുപ്രധാന പദ്ധതിയാണ് "ഹരിത കേരളം പദ്ധതി " ത്രിതല പഞ്ചായത്തുകൾ ,വിദ്യാർത്ഥികൾ, യുവജന സംഘടനകൾ, മത സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, വാർത്താ മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെയുള്ള പരിപാടി യാണിത്.<br><br>പ്രസ്തുത പദ്ധതിയുടെ കുടക്കീഴിൽ 1 മുതൽ 9 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "എന്റെ മരം" പദ്ധതിയും, +2 തലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "നമ്മുടെ മരം' പദ്ധതിയും, ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി "വഴിയോരത്തണൽ" പദ്ധതിയും നടപ്പിലാക്കി.<br><br>"എന്റെ മരം," "നമ്മുടെ മരം" എന്നീ പദ്ധതിയിൻ കീഴിൽ വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ വൃക്ഷത്തൈകൾ |

വിതരണം ചെയ്തു. വഴിയോരത്തണൽ പദ്ധതിയിൻ കീഴിൽ ഒരുവർഷം പ്രായമായ വിവിധയിനം തദ്ദേശീയ വൃക്ഷത്തൈകൾ പാതയോരങ്ങളിൽ നട്ടുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുസംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചത് ;

ബി) വൃക്ഷാവരണം വർദ്ധിപ്പിച്ച് ആഗോള താപനത്തെയും, കാലാവസ്ഥാ വ്യതിയാനത്തെയും , വായു മലിനീകരണത്തെയും ചെറുക്കുക , മണ്ണ് - ജല സംരക്ഷണം ഉറപ്പു വരുത്തുക. സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള തടി, വിറക്, കാലിത്തീറ്റ എന്നിവ ലഭ്യമാക്കുക, സ്വകാര്യ കൈവശ സ്ഥലങ്ങളിലെ തടി ലഭ്യത വർദ്ധിപ്പിക്കുക, വൃക്ഷവൽക്കരണം, വന്യജീവി സംരക്ഷണം , ജൈവവൈവിദ്ധ്യ സംരക്ഷണം , ഹരിതവൽക്കരണം മുഖേന ലഭ്യമാകുന്ന പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും സൃഷ്ടിച്ച് പ്രകൃതി സംരക്ഷണം ഉറപ്പാക്കുക എന്നിവ ലക്ഷ്യമാക്കിയാണ് ഹരിതകേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

സി) ഓരോ വർഷവും ജൂൺ മാസത്തിൽ വിതരണം ചെയ്യുവാനുള്ള തൈകളുടെ ഉൽപ്പാദനം എല്ലാ ജില്ലകളിലും മുൻ വർഷം നവംബർ, ഡിസംബർ മാസങ്ങളിൽ ആരംഭിക്കുകയും ജനുവരി മുതൽ മെയ് മാസം വരെ തൈകളുടെ പരിചരണ പരിപാലന പ്രവർത്തനങ്ങൾ നടത്തി മതിയായ വളർച്ചയെത്തിയതും വിതരണത്തിന് ആവശ്യമായതുമായ എണ്ണം തൈകൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായും പൊതുജനങ്ങൾക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സൗജന്യ നിരക്കിലുമാണ് വിതരണം ചെയ്തു വരുന്നത്.

ഡി) പദ്ധതിനിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;

ഹരിതകേരളം പദ്ധതിയിലൂടെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ആകെ 388.61 ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | വർഷം | വിതരണം ചെയ്ത തൈകളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 70.72 |
| 2 | 2012-13 | 88.16 |
| 3 | 2013-14 | 83.83 |
| 4 | 2014-15 | 73.14 |
| 5 | 2015-16 | 72.76 |

ടി പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ ഹരിതാഭ വർദ്ധിപ്പിക്കുവാനും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും കഴിയുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**